1

7581/17

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: G4-35803/17(2)

**വിവരാവകാശം / മറുപടി**
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 10.11.2017.
Email : **swdkerala@gmail.com**
Phone: 0471 - 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
തിരുവനന്തപുരം.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം 2005 - ശ്രീ. എസ്. രാഘവന്റെ വിവരാവകാശ അപേക്ഷ - മറുപടി നൽകാൻ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന:- ശ്രീ. എസ്. രാഘവൻ, കൗസ്തുഭം, അമ്പലത്തറ, തിരുവനന്തപുരം എന്നയാളുടെ വിവരാവകാശ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ. എസ്. രാഘവൻ, കൗസ്തുഭം, അമ്പലത്തറ, തിരുവനന്തപുരം എന്നയാൾ ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയ്ക്ക് നൽകിയ വിവരാവകാശ അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം നൽകുന്നു. പ്രസ്തുത അപേക്ഷയിലെ ഒന്നാം നമ്പർ ചോദ്യത്തിനുള്ള മറുപടി അപേക്ഷകന് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
അസിസ്റ്റന്റ് ഡയറക്ടർ

ഉള്ളടക്കം:-
ശ്രീ. എസ്. രാഘവന്റെ വിവരാവകാശ അപേക്ഷ.

AN

60/SJ/RTI/m CH&SJ/2017

S.Raghavan

TC 48/92(1), Kousthubham
Ambalathara, Trivandrum -26
Mob: 9447529727

Dated: 11.10.2017

10 रु. COURT FEE Rs.10 भारत INDIA दस रुपये TEN RUPEES

സ്വീകർത്താവ്

ഇൻഫർമേഷൻ ഓഫീസർ (RTI)
ആരോഗ്യസാമൂഹിക ക്ഷേമ വകുപ്പ് മന്ത്രാലയം
ഗവ:സെക്രട്ടേറിയറ്റ് തിരുവനന്തപുരം

വിഷയം :- വയോജന സംരക്ഷണ നിയമങ്ങൾ - വിവരാന്വേഷണം
സൂചിക:- 1) 2017 ഒക്ടോബർ 6-ാം തീയതിയിലെ മാതൃഭൂമി വാർത്ത
(പകർപ്പ് സമർപ്പിക്കുന്നു)
2) വിവരാവകാശനിയമം 2005

സർ,

സൂചികയിൽ കാണിച്ചിരിക്കുന്ന പത്രവാർത്തപ്രകാരം "വയോജനസംരക്ഷണ മേഖലയിൽ കേരളത്തിന് കേന്ദ്ര സർക്കാറിന്റെ മികച്ച സംസ്ഥാനത്തിനുള്ള അംഗീകാരം ലഭിച്ചതായി മന്ത്രി കെ.കെ ശൈലജ അറിയിച്ചിരിക്കുന്നതായി കാണുവാൻ സാധിച്ചു. 86 വയസ്സുള്ള ഒരു കേരളീയനായ ഞാൻ ഈ നേട്ടത്തിൽ വളരെയേറെ അഭിമാനിക്കുകയും ബഹു.മന്ത്രിയുൾപ്പെടെ ബന്ധപ്പെട്ട എല്ലാവരേയും അഭിനന്ദിക്കുകയും ചെയ്യുന്നു. എന്നാൽ പ്രായാധിക്യം കൊണ്ടുള്ള അവശതകളും ഒറ്റപ്പെടൽ മൂലമുള്ള പരിമിതികളും കൊണ്ടായിരിക്കാം ഈ പദ്ധതികളുടെ വിശദാംശങ്ങൾ അറിയുന്നതിനോ അതിന്റെ ഗുണഫലങ്ങളിൽ പങ്കാളിയാകുന്നതിനോ എനിക്കു കഴിഞ്ഞിട്ടില്ല. എന്റെ അറിവിലുള്ള സമകാലീയരോ, സാമൂഹ്യ നീതി വകുപ്പു പ്രവർത്തകരാരും തന്നെയോ എന്തെങ്കിലും വിവരം അറിയാവുന്നതായി എന്നെ അറിയിച്ചിട്ടുമില്ല. അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിൽ എനിക്കു പറ്റിയ വീഴ്ച ഞാൻ സ്വയം സമ്മതിക്കുന്നു. എന്നാൽ രാജ്യത്തെ ഏറ്റവും മികച്ച നേട്ടം കൈവരിച്ച കേരളത്തിലെ സ്ഥിതിയിതാണെങ്കിൽ മറ്റു സംസ്ഥാനങ്ങളിലെ വയോജനങ്ങളുടെ നില എത്രമാത്രം പരിതാപകരമായിരിക്കുമെന്ന് ചിന്തിയ്ക്കുവാൻ പോലും പ്രയാസമാണ്.

മേൽ പറഞ്ഞവസ്തുതകളിൽ എനിക്കുള്ള ആശങ്ക ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ അറിയിക്കണമെന്നപേക്ഷിക്കുന്നതിനോടൊപ്പം താഴെ പറയുന്ന വിവരങ്ങളും രേഖകളും എനിയ്ക്കു ലഭ്യമാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

1. തിരുവനന്തപുരം ജില്ലയിൽ പകൽ വീട് പദ്ധതിപ്രകാരം പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എവിടെയെല്ലാമുണ്ട്? അവയുടെ മേൽവിലാസവും ഫോൺ നമ്പരും

അവിടെയുള്ള സൗകര്യങ്ങളും ഗുണഭോക്താവാകുന്നതിനുള്ള നടപടിക്രമങ്ങളും അറിയിച്ചുതരാൻ അപേക്ഷിക്കുന്നു.

2. "2007 -ൽ നിലവിൽ വന്ന മെയിന്റനൻസ് ആൻഡ് വെൽഫെയർ ഓഫ് സീനിയർ സിറ്റിസൺസ് ആക്റ്റ് 2007" ന്റെ പകർപ്പ് ലഭ്യമാക്കുവാൻ അപേക്ഷ.

3. "65 വയസ്സ് കഴിഞ്ഞവർക്ക് സൗജന്യമരുന്നും ചികിത്സയും ലഭ്യമാക്കുന്ന വയോമിത്രം പദ്ധതി" യുടെ പകർപ്പുകൂടി ലഭ്യമാക്കണം.

പകർപ്പുകൾ ലഭ്യമാക്കുവാൻ ബുദ്ധിമുട്ടുള്ള പക്ഷം അവയിൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങളുടെ പ്രസക്തഭാഗങ്ങളെങ്കിലും അറിയിച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ ഫീസ് എത്രയെന്നറിയിച്ചാൽ ആയത് ഉടൻ തന്നെ എത്തിച്ചുകൊള്ളാമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

എസ്സ്.രാഘവൻ

പകർപ്പ് 1) ബഹു.മന്ത്രി ശ്രീമതി കെ.കെ ശൈലജ (കവറിംഗ് ലെറ്റർ സഹിതം)

2) പത്രാധിപർ, മാതൃഭൂമി ദിനപ്പത്രം, തിരുവനന്തപുരം (കവറിംഗ് ലെറ്റർ സഹിതം)

Encl : പത്രവാർത്തയുടെ പകർപ്പ്

# വയോജന സംരക്ഷണം: കേരളത്തിന് അംഗീകാരം

തിരുവനന്തപുരം: വയോജന സംരക്ഷണമേഖലയിൽ കേരളത്തിന് കേന്ദ്ര സർക്കാരിന്റെ മികച്ച സംസ്ഥാനത്തിനുള്ള അംഗീകാരം ലഭിച്ചതായി മന്ത്രി കെ.കെ. ശൈലജ അറിയിച്ചു.

വയോജന സംരക്ഷണനിയമം സുതാര്യമായി നടപ്പിലാക്കുന്നതിനും വയോജന സംരക്ഷണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലും ഒരുപോലെ എത്തിക്കുന്നതിലും സാമൂഹികനീതി വകുപ്പിന് കഴിഞ്ഞതിലുള്ള നേട്ടമാണ് അംഗീകാരമെന്നും മന്ത്രി പറഞ്ഞു.

മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി 2007ൽ നിലവിൽ വന്ന മെയിന്റനൻസ് ആൻഡ് വെൽഫെയർ ഓഫ് സീനിയർ സിറ്റിസൺസ് ആക്ട് 2007 ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കിയതിനാണ് അവാർഡ്. ഒക്ടോബർ ഒൻപതിന് ഡൽഹിയിൽ വിജ്ഞാൻ ഭവനിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി കേരളത്തിനുള്ള അവാർഡ് സമ്മാനിക്കും. ആരോഗ്യമന്ത്രി പുരസ്കാരം ഏറ്റുവാങ്ങും.

വയോജന സംരക്ഷണ പ്രവർത്തനങ്ങൾ സാമൂഹികനീതി വകുപ്പ് വഴിയും സാമൂഹിക സുരക്ഷാ മിഷൻ വഴിയുമാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സൗജന്യമരുന്നും ചികിത്സയും ലഭ്യമാക്കുന്ന വയോമിത്രം പദ്ധതി കഴിഞ്ഞ ഒരു വർഷത്തിനകം 40 നഗരസഭകളിൽ പുതുതായി ആരംഭിച്ചു. വളരുന്ന കേരളം വളർത്തിയവർക്ക് ആദരം എന്ന പേരിൽ 14 ജില്ലകളിൽ വയോജനങ്ങളെ ആദരിക്കുകയും അവർക്ക് മാനസികോല്ലാസം പകരുന്ന നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. പകൽ സമയങ്ങളിൽ വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് ആശ്വാസം പകരാനായി പകൽവീട് എന്ന പദ്ധതിക്ക് രൂപം നൽകിയതായും മന്ത്രി പറഞ്ഞു.